പിന്നീട് ഗ്രൂപ്പ് ഫാമിംഗ് പാടശേഖരത്തിന്റെ വിസ്തീർണ്ണം മിനിമം 3 ഹെക്ടർ എന്നാക്കി മാറ്റുകയും മിനിമം 3 ഹെക്ടർ വിസ്തീർണ്ണമുള്ള പാടശേഖരങ്ങൾക്കും ഇതിന്റെ ആനുകൂല്യം നൽകിയിട്ടുമുണ്ട്.

(ഇ) മാതൃകാ പാടശേഖരങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി പ്രകാരം ഓരോ ജില്ലയിലും പദ്ധതി നടപ്പിലാക്കിയ പാടശേഖരങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

ജില്ല	പാടശേഖരങ്ങളുടെ എണ്ണം
തിരുവനന്തപുരം	3
കൊല്ലം	5
പത്തനംതിട്ട	6
ആലപ്പുഴ	33
കോട്ടയം	6
ഇടുക്കി	3
എറണാകുളം	7
തൃശ്ശൂർ	16
പാലക്കാട്	28
മലപ്പുറം	9
കോഴിക്കോട്	4
വയനാട്	10
കണ്ണൂർ	8
കാസർഗോഡ്	10

മാതൃകാ പാടശേഖരങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി പ്രകാരം ആകെ 138.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹൈടെക് കൃഷി നടപ്പിലാക്കൽ

121 (7418) പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് കൃഷി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ ഇതുമൂലം ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും എത്രയധികം വർദ്ധിച്ചു എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാധിച്ചിട്ടുണ്ട്. 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി 128000 ചതുരശ്രമീറ്റർ പോളീഹൗസ് നിർമ്മിക്കുന്നതിനാവശ്യമായ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം 401 മുതൽ 4000 വരെ വിസ്തീർണ്ണമുള്ള (35463.95 ചതുരശ്രമീറ്റർ) 25 പോളീഹൗസുകൾ നിർമ്മിക്കുകയും ആയതിന്റെ ധനസഹായമായി 82.897 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

കൂടാതെ 500 ചതുരശ്ര മീറ്റർ വീതമുള്ള 12 പോളീഹൗസുകൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം നിർമ്മിച്ചിട്ടുണ്ട്.

(ബി) ഓരോ പോളീഹൗസിലും അതിന്റെ നിർമ്മാണത്തിലും പരിപാലനത്തിലുമുള്ള കൃത്യതയും വൈദഗ്ദ്ധ്യവും അനുസരിച്ച് ഉത്പാദനം മൂന്ന് മുതൽ പത്ത് മടങ്ങ് വരെ വർദ്ധിക്കുന്നുണ്ട്.

നിറവ് പദ്ധതി

122 (7419) ശ്രീ. റ്റി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയെ കുറിച്ച് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം മണ്ഡലങ്ങളിലാണ് നിറവ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ ;

(സി) നിറവ് പദ്ധതിപ്രകാരം മങ്കട മണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയതെന്നും ഇനിയെന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടേയും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടേയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലി വളർത്തൽ, കോഴിവളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിത്ത് മുതൽ വിപണി വരെയുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതിയാണ് നിറവ്. നിറവ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബഹു. കൃഷി മന്ത്രി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും എം.എൽ.എ. ചെയർമാനായ നിയോജകമണ്ഡലം കമ്മിറ്റിയും പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ, ചെയർമാനായ ഇംപ്ലിമെന്റിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly